"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - LID&EW - ജീവനക്കാര്യം -ശ്രീമതി. മോളി പി. ആർ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട) , ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No. 1395/2025 മേലുള്ള വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.162/2026/LSGD തീയതി,തിരുവനന്തപുരം, 20-01-2026

---

പരാമർശം:-

1. 08.08.2008- ലെ 46/2008/ഫിൻ നമ്പർ സർക്കുലർ
2. G.O(P)No.536/2012/(116)/Fin തീയതി. 29.09.2012
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 03.11.2025-ലെ വിധിന്യായം.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 11.12.2025-ലെ LSGD/PD/67311/2023-DEH4 നമ്പർ കത്ത്.
5. വിജിലൻസ്(എഫ്) വകുപ്പിന്റെ 07.01.2026-ലെ വിജി. എഫ്-2/560/2025 നമ്പർ അനൗദ്യോഗികക്കുറിപ്പ്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് റിട്ടയേർഡ് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. മോളി പി. ആർ., തനിക്ക് 15 വർഷത്തെ സർവീസ് പൂർത്തിയാക്കിയതിനെ തുടർന്നുള്ള രണ്ടാം CAS പ്രകാരമുള്ള നോൺ കേഡർ പ്രമോഷൻ അനുവദിക്കുന്നതിനായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണൽ മുമ്പാകെ OA(EKM) No. 1395/2025 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. ആയതിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ, ശ്രീമതി. മോളി പി. ആർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(റിട്ട)-സമർ പ്പിച്ച Annexure A15 അപേക്ഷയുടെ അടിസ്ഥാനത്തിലുള്ള പ്രപ്പോസൽ രണ്ടാം എതിർകക്ഷിയായ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിലേയ്ക്ക് കൈമാറേണ്ടതാണെന്നും, കോടതി ഉത്തരവ് ലഭ്യമായി രണ്ടുമാസത്തിനകം ഇക്കാര്യം

പരിശോധിച്ച് നിയമാനുസൃതമുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് ഉത്തരവായിരുന്നു.

02.06.2003-ൽ സർവ്വീസിൽ പ്രവേശിച്ച ശ്രീമതി. മോളി പി. ആർ 22.09.2004-ൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കും തുടർന്ന് 13.08.2010-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേയ്ക്കും പ്രവേശിച്ചിരുന്നുവെന്നും, ടിയാൾ 02.06.2003-ൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതിനാൽ 01.06.2018-ന് 15 വർഷം പൂർത്തീകരിച്ചിട്ടുള്ളതായും, അക്കൗണ്ടന്റ് ജനറലിൽ നിന്നുള്ള Leave Details പരിശോധിച്ചതിൽ നിന്നും ടിയാരി രണ്ടാം സമയബന്ധിത ഹയർ ഗ്രേഡിന് യോഗ്യമായ കാലയളവിൽ ശൂന്യവേതനാവധികൾ ഒന്നുംതന്നെ എടുത്തിട്ടുള്ളതായി കാണുന്നില്ല എന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർ ശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പരാമർശം (5) പ്രകാരം ശ്രീമതി. മോളി. പി. ആർ-നെതിരെയുള്ള വിജിലൻസ് കേസുകളുടെ തൽസ്ഥിതിവിവരം ചുവടെ ചേർത്തിരിക്കും പ്രകാരം വിജിലൻസ് വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

1.**VC 8/2014/EKM** - കേസ് ബഹുമാനപ്പെട്ട മൂവാറ്റുപുഴ വിജലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയത് ബഹു.കോടതിയുടെ പരിഗണനയിലുമാണ്. കേസിന്റെ അടുത്ത പോസ്റ്റിംഗ് 07.01.2026 തീയതിയിലാണ്.

**2.VC 4/2015/EKM** - കേസന്വേഷണം 9 ഭാഗങ്ങളായിട്ടാണ് നടക്കുന്നത്. അവയിൽ 9-ാം ഭാഗത്തിന്റെ അന്വേഷണം പൂർത്തീകരിച്ച് തുടർ നടപടികൾ അവസാനിപ്പിക്കാവുന്നതാണ് എന്ന ശിപാർശയോടെ വസ്തുതാ റിപ്പോർട്ട് ഈ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ടി ഭാഗത്തിന്റെ അന്തിമ റിപ്പോർട്ട്26.09.2025 തീയതിയിൽ ബഹുമാനപ്പെട്ട മൂവാറ്റുപുഴ വിജിലൻസ് കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണെന്ന് വിജിലൻസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. മറ്റ് ഭാഗങ്ങളുടെ അന്വേഷണം അന്തിമ ഘട്ടത്തിലാണ്.

**3.VC 17/2016/EKM** - അന്വേഷണം പൂർത്തീകരിച്ച് കുറ്റാരോപിതർക്കെതിരെ പ്രോസിക്യൂഷൻ ശിപാർശ ചെയ്തുകൊണ്ട് വസ്തുതാ റിപ്പോർട്ട് വിജിലൻസ് വകുപ്പിൽ ലഭിക്കുകയും, **27.11.2019** തീയതിയിലെ VIG-D1/**784**/2019 നമ്പർ കത്ത് മുഖേന തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകുകയും ചെയ്തിട്ടുണ്ട്. കുറ്റാരോപിതർ ക്കതിരായ വിചാരണാനുമതി ഉത്തരവ് ലഭ്യമായിട്ടില്ലാത്തതിനാൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കരിയർ അഡ്വാൻസ്മെന്റ് സ്കീമിന് കീഴിൽ നോൺ കേഡർ പ്രമോഷൻ എന്നത് **പ്രമോഷന് തുല്യമായ സർവ്വീസ് ആനുകൂല്യമായതിനാൽ** 01.06.2018-ന് സേവനത്തിൽ 15 വർഷം പൂർത്തിയാക്കുന്നതിനു മുൻപേ തന്നെ ശ്രീമതി. മോളി പി. ആർ-ന് എതിരായി രജിസ്റ്റർ ചെയ്തിട്ടുള്ള വിജിലൻസ് കേസുകൾ തീർപ്പാക്കിയ ശേഷം മാത്രമേ ടിയാൾക്ക് CAS-ന് കീഴിൽ നോൺ കേഡർ പ്രമോഷൻ അനുവദിക്കുവാൻ സാധിക്കു എന്നതിനാൽ അപേക്ഷകയുടെ ആവശ്യം നിരസിച്ചുകൊണ്ട് ഉത്തരവാകാവുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM)No. 1395/2025 മേലുള്ള വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ ,എറണാകുളം.(ആമുഖ കത്ത് മുഖേന )
2. ശ്രീമതി. മോളി പി. ആർ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട) (തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
3. പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 20-01-2026 12:23:46